**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3389** **08-10-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ചഭക്ഷണം, യാത്ര സുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി 13/05/2025, 31/05/2025, 26/07/2025, 07/08/2025 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർക്ക് നിർദ്ദേശം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച പൊതുവായ പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**അപകട സാധ്യത വിലയിരുത്തൽ (Safety Audits) :** സ്കൂളുകളിലെ കെട്ടിടങ്ങൾ, ഇലക്ട്രിക്കൽ സംവിധാനങ്ങൾ, ഫയർ സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവ കൃത്യമായി പരിശോധിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹായത്തോടെ സുരക്ഷാ ഓഡിറ്റുകൾ സംവിധാനങ്ങൾ തുടങ്ങിയവ കൃത്യമായി നടത്താൻ നിർദേശിച്ചിട്ടുണ്ട്. സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്.<br><br>**പാമ്പ്കടി പോലുള്ള അപകടങ്ങൾ തടയാൻ മാർഗ്ഗരേഖകൾ:** സ്കൂൾ പരിസരവും ക്ലാസ്സ്മുറികളും വൃത്തിയായി സൂക്ഷിക്കുന്നതിനും പാമ്പുകളും മറ്റ് ഇഴജന്തുക്കളും കയറാതെ ശ്രദ്ധിക്കുന്നതിനും കർശന നിർദേശങ്ങൾ നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ബാഗുകളും, ഷൂസുകളും ക്ലാസ് മുറികൾക്ക് പുറത്ത്വയ്ക്കുന്നത് ഒഴിവാക്കാൻ പ്രത്യേക നിർദേശങ്ങളുണ്ട്. |

**ഗതാഗത സുരക്ഷ :** സ്കൂൾ ബസുകളുടെയും മറ്റ് വാഹനങ്ങളുടെയും ഫിറ്റ്നസ് കൃത്യമായി പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡ്രൈവർമാർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സ്കൂൾ സമയങ്ങളിൽ സ്കൂളുകൾക്ക് മുന്നിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാനും പാർക്കിംഗ് തടയാനും പോലീസുമായി സഹകരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നു.

**ദുരന്ത നിവാരണ പരിശീലനം (Disaster Management Training):** പ്രളയം, തീപിടുത്തം, ഭൂകമ്പം തുടങ്ങിയ ദുരന്തങ്ങളെ നേരിടാൻ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും പരിശീലനം നൽകുന്നു. ഇതിന്റെ ഭാഗമായി മോക് ഡ്രില്ലുകൾ സംഘടിപ്പിക്കുന്നു. ഓരോ സ്കൂളിനും ഒരു ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മോക് നിവാരണ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ നടപടികൾ :** സ്കൂളിന് സമീപമുള്ള കടകളിൽ ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നത് തടയാൻ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുകയും കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ഈ നടപടികൾ കൂടാതെ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ സ്കൂൾ അധികൃതർക്കും പി.ടി.എ-യ്ക്കും പ്രധാന പങ്കുണ്ട്. ടി വിഷയത്തിൽ സർക്കാർ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ജില്ലാതലത്തിൽ ഉറപ്പുവരുത്തുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ തരത്തിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം സുരക്ഷാ സെൽ രൂപീകരിക്കുകയും, ഡി.ഡി.ഇ. ആർ.ഡി.ഡി, ഡി.ഇ.ഒ, ഡയറ്റ് പ്രിൻസിപ്പാൾ, ഡി.പി.സി തുടങ്ങിയ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് വീണ്ടും നടത്തുവാൻ തീരുമാനിച്ചതനുസരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തുകയും ഡയറ്റ് പ്രിൻസിപ്പാൾമാർ വഴി റിപ്പോർട്ട്

| | | | |
|---|---|---|---|
| | | | ക്രോഡീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ആയതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും വിശദമായ കണക്ക് പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി തയ്യാറാക്കുകയും അതിന്മേൽ തുടർ നടപടികൾ കൈകൊണ്ട് എല്ലാ രീതിയിലുമുള്ള സുരക്ഷാ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. |
| (ബി) | സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനക്കായി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും പ്രസ്തുത പരിശോധനകൾ കൃത്യമായി നടക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ (DDE) യുടെ കർശനമായ മേൽനോട്ടത്തിൽ മോട്ടോർ വാഹന വകുപ്പാണ് (MVD) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനകൾക്ക് നേതൃത്വം നൽകുന്നത്. എല്ലാ അധ്യയന വർഷവും സ്കൂൾ തുറക്കുന്നതിന് മുമ്പായി, വിദ്യാഭ്യാസ വകുപ്പ്, പോലീസ്, MVD ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു സംയുക്ത പരിശോധനാ സംഘം (Joint Inspection Team) രൂപീകരിക്കുന്നു. ഈ സംഘത്തിന്റെ നിരീക്ഷണത്തിൽ ജില്ലയിലെ എല്ലാ സ്കൂൾ ബസുകളിലും 'വിദ്യാലയ വാഹന' മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ വിശദമായ പരിശോധന നടത്തുന്നു. വാഹനങ്ങളിൽ സി.സി.ടി.വി ക്യാമറകൾ, വേഗത നിയന്ത്രണ ഉപകരണം (ഗവർണർ), എമർജൻസി എക്സിറ്റ്. ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവയുണ്ടെന്ന് ഉറപ്പാക്കാനും കുട്ടികളെ സഹായിക്കാൻ വനിതാ അറ്റൻഡർമാരെ നിയമിക്കാനും വിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾക്ക് കർശന നിർദ്ദേശങ്ങൾ നൽകുന്നു. പരിശോധനകൾക്ക് ശേഷം ഹരിത കാർഡ് (Green Card) ലഭിക്കുന്ന വാഹനങ്ങൾക്ക് മാത്രമേ സർവീസ് നടത്താൻ അനുവാദമുള്ളു. എന്നാൽ, ഫിറ്റ്നസ് ലഭിച്ചതിനു ശേഷവും ചില വാഹനങ്ങൾ നിയമങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ, വിദ്യാഭ്യാസ വകുപ്പിന്റെ അഭ്യർത്ഥന പ്രകാരം MVD സ്പെഷ്യൽ സ്ക്വാഡുകൾ ജില്ലയിൽ ഉടനീളം മിന്നൽ പരിശോധനകൾ (Surprise Checks) നടത്തുന്നുണ്ട്. ഇത്തരം പരിശോധനകളിലൂടെ നിയമ ലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ പിഴ ചുമത്തുകയും സർവീസ് നിർത്തലാക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നതിലൂടെ, |

| | | | |
|---|---|---|---|
| | | | പരിശോധനകൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും കുട്ടികളുടെ യാത്ര സുരക്ഷിതമാക്കാനും ജില്ലകളിൽ ഉറപ്പ വരുത്തിയിട്ടുണ്ട്. |
| (സി) | സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷയുമായി ബന്ധപ്പെട്ടുള്ള എന്തെങ്കിലും അപകടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (സി) | വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |
| (ഡി) | സ്കൂൾ കുട്ടികളുടെ യാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ട്രെയിനിങ് നല്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) | വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു |
| (ഇ) | സ്കൂളുകളിൽ നിന്നും വിനോദ യാത്രകൾ പോകുന്നതിനു പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണ് വിനോദ യാത്രകൾ സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പാക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ; | (ഇ) | 1. പഠന യാത്രകൾ സ്കൂൾ മേലധികാരിയുടെ പൂർണ്ണ നിയന്ത്രണത്തിൽ ഒരു അധ്യാപക കൺവീനറുടെ ചുമതലയിലായിരിക്കണം സംഘടിപ്പിക്കേണ്ടത്. സ്കൂൾ പാർലമെന്റ് അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർത്ഥി കൺവീനറും, രണ്ട് അധ്യാപക പ്രതിനിധികളും ഒരു പി.ടി.എ പ്രതിനിധിയും ഉൾപ്പെട്ട ഒരു ടൂർ കമ്മിറ്റി രൂപീകരിക്കണം.<br><br>2. പഠനയാത്രയ്ക്കായി തെരഞ്ഞെടുക്കുന്ന സ്ഥലം, യാത്രാപരിപാടികൾ, താമസം, ചെലവ് സംബന്ധിച്ച വിശദമായ രൂപരേഖ ടൂർ കമ്മിറ്റി തയ്യാറാക്കേണ്ടതും, സ്കൂൾ പി.ടി.എ എക്സിക്യൂട്ടിവിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുമാണ്. യാത്രാസംഘം ഓരോ ദിവസവും സന്ദർശിക്കുന്ന സ്ഥലം, താമസസ്ഥലത്തു നിന്നും പുറപ്പെടുന്നതും തിരിച്ചെത്തുന്നതുമായ സമയം എന്നിവ യാത്രാ സമയത്ത് സംഘാടകർ സൂക്ഷിക്കേണ്ടതും പകർപ്പ് സ്കൂളുകളിലും ബന്ധപ്പെട്ട ഉപജില്ലാ/വിദ്യാഭ്യാസ ജില്ല ഡി.ഡി.ഇ/ ആർ.ഡി.ഡി/എ.ഡി എന്നിവർക്ക് സമർപ്പിക്കേണ്ടതുമാണ്. ടൂർ കഴിഞ്ഞ ഉടനെ കുട്ടികളുടെ അഭിപ്രായങ്ങളോടു കൂടിയ റിപ്പോർട്ട് ടൂർ കൺവീനർ പ്രിൻസിപ്പാളിന്/പ്രഥമാദ്ധ്യാപകന് സമർപ്പിക്കണം.<br><br>3. യാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ യോഗം ചേർന്ന് യാത്രാ വിവരങ്ങളും തയ്യാറെടുപ്പും വിശദീകരിക്കണം.<br><br>4. ഒരു അക്കാദമിക വർഷം ഇടവിട്ടോ തുടർച്ചയായോ പരമാവധി മൂന്ന് ദിവസങ്ങൾ |

മാത്രമേ പഠന യാത്രയ്ക്കായി ഉപയോഗിക്കാൻ പാടുള്ളൂ. തുടർച്ചയായ മൂന്ന് ദിവസങ്ങളാണ് യാത്രയ്ക്ക് തെരഞ്ഞെടുക്കുന്നത് എങ്കിൽ അതിൽ സ്കൂൾ പ്രവർത്തി ദിനമല്ലാത്ത ദിവസം കൂടി ചേർത്ത് ക്രമീകരിക്കേണ്ടതാണ്.

5. യാത്രകളിൽ പാലിക്കേണ്ട പൊതു നിയമങ്ങൾ സ്കൂൾ മേലധികാരി പിറ്റിഎ അനുമതിയോടെ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പഠനയാത്രയ്ക്കായി അകലെയുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത് മൂലം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഇതിൽ പങ്കാളികളാകാൻ പലപ്പോഴും സാധിക്കാറില്ല. ആയതിനാൽ എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പങ്കെടുക്കുവാൻ കഴിയുന്ന തരത്തിലുള്ള സ്ഥലങ്ങളാണ് കഴിയുന്നതും യാത്രയ്ക്കായി തെരഞ്ഞെടുക്കേണ്ടത്. കൂടാതെ പഠനയാത്രയ്ക്കായി വിദ്യാർത്ഥികളിൽ നിന്നും അമിത തുക ഈടാക്കുവാനും പാടുള്ളതല്ല.

7. വിദ്യാഭ്യാസ പ്രാധാന്യമുള്ള സ്ഥലങ്ങളും, സ്ഥാപനങ്ങളുമാകണം പഠന യാത്രയ്ക്ക് തെരഞ്ഞെടുക്കേണ്ടത്.

8. പഠനയാത്രാ സംഘം സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സവിശേഷതകൾ, സുരക്ഷാ സംവിധാനം എന്നിവയേക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതിനായി ആ പ്രദേശത്തെ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ആവശ്യമെങ്കിൽ മുൻകൂർ അനുമതി രേഖാമൂലം വാങ്ങേണ്ടതാണ്.

9. ജലയാത്രകൾ, വനയാത്രകൾ, വന്യമൃഗ സങ്കേതങ്ങൾ എന്നിവിടങ്ങളിലേക്ക് സന്ദർശനം നടത്തുമ്പോൾ ബന്ധപ്പെട്ട അധികാരികളെ മുൻകൂട്ടി അറിയിച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കി അവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ അംഗീകൃത ഗൈഡുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

10. പഠനയാത്രയ്ക്ക് രക്ഷാകർത്താക്കളുടെ അറിവും സമ്മതവും ആവശ്യമാണ്. യാത്രയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളിൽ നിന്നും സമ്മതപത്രം യാത്രയ്ക്ക് മുൻപായി വാങ്ങി സൂക്ഷിക്കണം.

11. രക്ഷിതാക്കളുടെ പ്രതിനിധികളെ യാത്രയിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും.

12. ഗതാഗത വകുപ്പ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന വാഹനങ്ങൾ മാത്രമേ യാത്രയ്ക്ക് ഉപയോഗിക്കാൻ പാടുള്ളൂ. ട്രാഫിക് നിയമങ്ങൾ പാലിച്ചായിരിക്കണം യാത്ര നടത്തേണ്ടത്. അനധികൃതമായി രൂപമാറ്റം വരുത്തിയതും, ആഡംബര ലൈറ്റുകൾ ഘടിപ്പിച്ചതും, അരോചകവും, ഉച്ചത്തിലുള്ളതുമായ ശബ്ദം പുറപ്പെടുവിക്കുന്ന ശബ്ദസംവിധാനങ്ങൾ ഉള്ളതുമായ കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾ പഠനയാത്രയ്ക്കായി ഉപയോഗിക്കാൻ പാടില്ല. ബസ്സ്, ബോട്ട്,മറ്റ് വാഹനങ്ങൾ എന്നിവയിൽ നിയമപ്രകാരം അനുവദനീയമായ എണ്ണം ആളുകൾ മാത്രമേ കയറുവാൻ പാടുള്ളു. പഠനയാത്ര ആരംഭിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ വിവരം അറിയിക്കുന്നത് ഉചിതമായിരിക്കും.

13. പഠനയാത്ര പുറപ്പെടുന്നതിനു മുൻപ് സ്കൂൾ ഉൾപ്പെടുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ യാത്ര സംബന്ധിച്ചും, വാഹനത്തെ സംബന്ധിക്കുന്നതുമായ സമഗ്ര റിപ്പോർട്ട് നൽകണം.

14. യാത്ര പുറപ്പെടുന്നതിന് മുൻപ് വാഹനങ്ങളുടെ ഫിറ്റ്നസ്സ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നീ രേഖകൾ ബന്ധപ്പെട്ട സ്കൂൾ അധികൃതർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

15. പഠനയാത്രയ്ക്ക് പുറപ്പെടുന്ന വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് മുൻകൂട്ടി ഉറപ്പാക്കേണ്ടതാണ്.

16. പഠനയാത്രയിൽ ഫസ്റ്റ് എയ്ഡ് അത്യാവശ്യ മരുന്നുകൾ എന്നിവ കരുതിയിരിക്കണം.

17. പഠനയാത്രാ സംഘത്തിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:15 ആയിരിക്കണം. 15 വിദ്യാർത്ഥിനികൾക്ക് ഒരു അദ്ധ്യാപിക എന്ന പ്രകാരം യാത്രയിൽ ഉണ്ടാകേണ്ടതാണ്.

18. പ്രഥമാദ്ധ്യാപകനോ, സീനിയറായ അദ്ധ്യാപകനോ യാത്രാസംഘത്തെ അനുഗമിക്കേണ്ടതാണ്.

19. രാത്രി 10 മണിക്ക് ശേഷവും രാവിലെ 5 മണിക്ക് മുൻപുള്ളതുമായ യാത്രകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

20. പഠനയാത്രകളിൽ സർക്കാരിന്റെ അംഗീകൃത ടൂർ ഓപ്പറേറ്റർമാരെ മാത്രം നിയോഗിക്കണം.

21. പഠനയാത്രയ്ക്കിടയിൽ സുരക്ഷിതവും നിലവാരമുള്ളതുമായ താമസസൗകര്യം ക്രമീകരിക്കുന്നതിനും, ശുചിത്വവും, ആരോഗ്യപരവുമായ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

22. യാത്രാവേളയിൽ അദ്ധ്യാപകർ, കുട്ടികൾ, യാത്രയെ അനുഗമിക്കുന്നവർ പുകവലിക്കുന്നതും മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതും ഗുരുതരമായ കൃത്യവിലോപമായതിനാൽ ഇപ്രകാരമുള്ള വിവരം ലഭ്യമായാൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

23. കുട്ടികളുടെ സ്വകാര്യത ലംഘിക്കുന്ന തരത്തിൽ ചിത്രങ്ങളോ, വീഡിയോയോ പകർത്തുന്നതിനോ പങ്ക് വയ്ക്കുന്നതിനോ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

24. യാത്രാവസാനം വിദ്യാർത്ഥികൾ രക്ഷകർത്താക്കളുടെ സമീപം സുരക്ഷിതമായി എത്തിച്ചേർന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ഉപജില്ലാ/ജില്ലാ ഡി.ഡി.ഇ/ ആർ.ഡി.ഡി/എ.ഡി എന്നിവർക്കു നൽകേണ്ടതുമാണ്.

25. യാത്ര പൂർത്തിയായതിനുശേഷം ഒരാഴ്ചയ്ക്കുള്ളിൽ യാത്ര സംബന്ധിച്ച വരവ് ചെലവ് വിവരം കൂടി റിപ്പോർട്ടിനോടൊപ്പം പ്രഥമാദ്ധ്യാപകന്/ പ്രിൻസിപ്പാളിന് സമർപ്പിക്കണം.

26. യാത്ര പൂർത്തിയാക്കിയതിനു ശേഷം ഡ്രൈവറുടെ പെരുമാറ്റം സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ അറിയിക്കേണ്ടതാണ്.

27. പഠനയാത്രകൾക്ക് എല്ലാ കുട്ടികൾക്കും പ്രാപ്യമായ രീതിയിൽ തുക നിശ്ചയിക്കേണ്ടതാണ്. പഠന യാത്രയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണം ഇല്ല എന്ന കാരണത്താൽ സ്കൂളിലെ ഒരു കുട്ടിയെപ്പോലും ഉൾപ്പെടുത്താതിരിക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ സൗജന്യമായി

| | | | |
|---|---|---|---|
| | | | ഏതെങ്കിലും കുട്ടിയെ പഠനയാത്രയിൽ പങ്കെടുപ്പിക്കുന്ന പക്ഷം ടി വിവരം മറ്റ് കുട്ടികൾ അറിയാതിരിക്കാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.<br><br>28.സ്കൂളുകളിലെ പഠനയാത്രയോടൊപ്പം അകമ്പടിയായി പോകുന്ന അദ്ധ്യാപകരുടെയും പി.ടി.എ അംഗങ്ങളുടെയും യാത്രാ ചെലവ് കുട്ടികളിൽ നിന്നും ഈടാക്കാൻ പാടില്ലാത്തതാണ്.<br><br>പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണ് വിനോദ യാത്രകൾ സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പാക്കാനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഡയറക്ടർമാർക്കും റീജിയണൽ ഡെപ്യൂട്ടി (എച്ച്.എസ്.ഇ വിഭാഗം) അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം), ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ ഭാവിയിൽ എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്യുന്നത്; വിശദാംശം നൽകാമോ? | (എഫ്) | സ്കൂൾ കെട്ടിടങ്ങളിൽ അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആയതിൽ പൊളിച്ചു നീക്കേണ്ടതും അറ്റകുറ്റപണികളിലൂടെ ഉപയോഗ യോഗ്യമാക്കാൻ സാധ്യമായതുമായ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പട്ടിക തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനീയർ കാര്യാലയത്തിലേയ്ക്ക് രേഖാമൂലം കൈമാറിയിട്ടുണ്ട്. ആയതിന്റെ സാങ്കേതിക പരിശോധന നടത്തി അന്തിമമായി നടപടികളിലേക്ക് നീങ്ങുന്നതിനു എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടമാർക്കും ഈ ഓഫീസിൽ നിന്നും നിർദേശം നൽകിയിട്ടുണ്ട്. എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തി കാര്യക്ഷമത സാക്ഷ്യപത്രം നേടുന്ന കെട്ടിടങ്ങളിൽ മാത്രം ക്ലാസ്സുകൾ നടത്തുന്നതിനുള്ള കർശന നിർദ്ദേശം ഈ കാര്യാലയത്തിൽ നിന്നും നൽകിവരുന്നു.<br><br>സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ഭാവിയിൽ സമഗ്രമായ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. നിലവിൽ എല്ലാ വർഷവും നടത്തുന്ന കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധനകൾക്ക് പുറമെ, ഡിജിറ്റൽ രേഖാമൂലമുള്ള സേഫ്റ്റി ഓഡിറ്റുകൾ (Digital Safety Audits) നിർബന്ധമാക്കുകയും കാലപ്പഴക്കം വന്ന കെട്ടിടങ്ങൾ ഘട്ടംഘട്ടമായി നവീകരിക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്യും. വാഹന |

| | | | |
|---|---|---|---|
| | | | സുരക്ഷയുടെ കാര്യത്തിൽ, എല്ലാ സ്കൂൾ ബസുകളിലും ജി.പി.എസ്. സംവിധാനവും എ.ഐ അധിഷ്ഠിത ക്യാമറകളും (A.I Based Cameras) സ്ഥാപിക്കുന്നതിന് നിർബന്ധമാക്കും. ഇതുവഴി വാഹനങ്ങളുടെ വേഗത, ഡ്രൈവറുടെ പെരുമാറ്റം, റൂട്ട് എന്നിവ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ (DEO) കേന്ദ്രീകൃത കൺട്രോൾ റൂമിൽ നിന്ന് തത്സമയം നിരീക്ഷിക്കാൻ സാധിക്കും. കൂടാതെ സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് പുനഃ പരിശീലനം (Refresher Training) വർഷത്തിൽ രണ്ട് തവണ നൽകുന്നത് നിർബന്ധമാക്കുകയും സുരക്ഷാ ലംഘനങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് പിഴ ചുമത്തുന്നതിലൂടെ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കാനാണ് വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| | | |
|---|---|---|
| 1 | തിരുവനന്തപുരം | • വെള്ളല്ലൂർ ഗവൺമെന്റ് എൽ.പി സ്കൂളിലെ ബസ്സ് മറിഞ്ഞ് 9 കുട്ടികൾക്ക് പരിക്ക് പറ്റിയിരുന്നു. ബസ്സിന്റെ രേഖകൾ, ഡ്രൈവിംഗ് ലൈസൻസ്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എല്ലാം കൃത്യമായിരുന്നു.<br>• ആറ്റിങ്ങൽ ഡയറ്റ് സ്കൂളിലെ ബസ് ആലംകോട് സിഗ്നലിൽ നിർത്തിയിട്ടിരുന്നപ്പോൾ കെഎസ്ആർടിസി ബസ് പുറകിൽ വന്നിടിക്കുകയുണ്ടായി. 40 കുട്ടികൾ ആയിരുന്നു സ്കൂൾ ബസ്സിൽ ഉണ്ടായിരുന്നത്. ആർക്കും ഗുരുതര പരിക്കുകൾ ഉണ്ടായില്ല.<br>• മലമുകൾ സെന്റ് ശാന്തൽ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കുട്ടികൾ സഞ്ചരിക്കുന്ന പ്രൈവറ്റ് വാഹനം സ്കൂൾ ഗേറ്റിനു മുന്നിൽ വച്ച് പിറകോട്ട് എടുക്കുന്നതിനിടയിൽ അപകടം ഉണ്ടായി. ബസ്സിൽ 31 കുട്ടികളുണ്ടായിരുന്നു. ഒരു കുട്ടിയുടെ കൈയ്ക്ക് ഒടിവ് പറ്റുകയും, ഒരു കുട്ടിയുടെ തല ഇടിക്കുകയും ചെയ്തിട്ടുണ്ട്.<br>• വെങ്ങാനൂർ യു.പി.എസ് എച്ച്.എസ്.എസ്- ന്റെ ബസ് 24.09.2025 നു വിദ്യാർത്ഥികളുമായി സ്കൂളിലേക്ക് വരവേ ഒരു മതിലിൽ ഇടിച്ച് അപകടം ഉണ്ടായി. അപകടസമയം ബസ്സിൽ 84 കുട്ടികളും, ബസ് ഡ്രൈവർ, ഹെൽപ്പർ എന്നിവരും ഉണ്ടായിരുന്നു. അപകടത്തിൽ പ്പെട്ട രണ്ടു കുട്ടികളെ മാത്രം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തിരുന്നു. |
| 2 | കൊല്ലം | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ സ്കൂൾ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് ഒരു ദൗർഭാഗ്യകരമായ അപകടം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2025 ജൂലൈ മാസത്തിൽ, തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വെച്ച് മിഥുൻ എന്ന വിദ്യാർത്ഥി ഷോക്കേറ്റ് മരണപ്പെട്ട സംഭവമാണിത്. ഈ സംഭവത്തെത്തുടർന്ന്, വിദ്യാഭ്യാസ വകുപ്പ് അടിയന്തരമായി ഇടപെടുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. അപകടം നടന്ന ഉടൻ തന്നെ, സ്കൂളിലെ വൈദ്യുതി ബന്ധിത സംവിധാനങ്ങളെക്കുറിച്ച് സമഗ്രമായ സുരക്ഷാ ഓഡിറ്റിന് നിർദ്ദേശം നൽകി. ജില്ലയിലെ മറ്റു സ്കൂളുകളിലും സമാനമായ അപകടസാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കാൻ അടിയന്തിര ഫിറ്റ്നസ് പരിശോധനകളും ഇലക്ട്രിക്കൽ ഓഡിറ്റുകളും നടത്താൻ ജില്ലാ തലത്തിൽ നിർ ദ്ദേശം നൽകി. കൂടാതെ, സ്കൂൾ അധികൃതർക്ക് സംഭവിച്ച വീഴ്ചകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുകയും, ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ കെട്ടിടങ്ങളുടെയും ഇലക്ട്രിക്കൽ വയറിംഗുകളുടെയും വാർ ഷിക സുരക്ഷാ സർട്ടിഫിക്കേഷൻ കർശനമാക്കാൻ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | പത്തനംതിട്ട | ജില്ലയിലെ കടമ്മനിട്ട ഗവൺമെന്റ് ഹൈസ്കൂളിൽ ഉപയോഗ ശൂന്യമായ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നു വീണിട്ടുള്ളതാണ്. കെട്ടിടത്തിലേക്ക് കുട്ടികൾ പ്രവേശിക്കാതെ |

| | | |
|---|---|---|
| | | സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടായിരുന്നതിനാൽ അപകടങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിൽ കെട്ടിടം പൂർണ്ണമായും പൊളിച്ചു നീക്കിയിട്ടുണ്ട്. |
| 4 | ആലപ്പുഴ | ആലപ്പുഴ ജില്ലയിൽ അത്തരത്തിലുള്ള അപകടങ്ങൾ, പ്രസ്തുത കാലയളവിൽ സംഭവിച്ചിട്ടില്ല. |
| 5 | കോട്ടയം | കോട്ടയം ജില്ലയിൽ സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷയുമായി ബന്ധപ്പെട്ട അപകടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 6 | ഇടുക്കി | അടിമാലി ജി.എച്ച്.എസ്-ൽ 14/02/2025 തീയതിയിൽ വിദ്യാവാഹിനി പദ്ധതിയിൽപ്പെട്ട ജീപ്പ് മറിഞ്ഞ് ഒരു കുട്ടിയ്ക്ക് സാരമായി പരിക്കേറ്റിരുന്നു, ആദി അനീഷ് എന്ന കുട്ടി 21/03/2025 തീയതിയിൽ ചികിത്സയ്ക്കുശേഷം സുഖമായി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ആകുകയും ചെയ്തു. |
| 7 | എറണാകുളം | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷയുമായി ബന്ധപ്പെട്ടുള്ള അപകടങ്ങളൊന്നും ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 8 | തൃശൂർ | 2025 ഓഗസ്റ്റ് മാസം ജി.എൽ.പി.എസ്. കോടാലി സ്കൂൾ ഓഡിറ്റോറിയത്തിന്റെ ഫാൾ സീലിംഗ് തകർന്ന് വീണിരുന്നു. ആയതിൽ ആളപായമോ പരിക്കോ ഉണ്ടായിട്ടില്ല. |
| 9 | പാലക്കാട് | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷയുമായി ബന്ധപ്പെട്ടതുമായ അപകടങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| 10 | മലപ്പുറം | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| 11 | കോഴിക്കോട് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| 12 | വയനാട് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| 13 | കണ്ണൂർ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| 14 | കാസർഗോഡ് | റിപ്പോർട്ട് ചെയ്തിട്ടില്ല |

## അനുബന്ധം 2

| | | |
|---|---|---|
| 1 | തിരുവനന്തപുരം | ഉണ്ട്, എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ ബസ് ഡ്രൈവറിനും സഹായിക്കും പരിശീലനം നൽകാറുണ്ട്. ഇതെല്ലാ വർഷവും നടത്തിവരുന്നു. |
| 2 | കൊല്ലം | കൊല്ലം ജില്ലയിൽ സ്കൂൾ കുട്ടികളുടെ യാത്രാ സുരക്ഷ ഉറപ്പാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് വിദ്യാഭ്യാസ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് (MVD), പോലീസ് എന്നിവയുടെ സംയുക്തമായ പ്രവർത്തനങ്ങളാണ്. ഇതിന്റെ ഭാഗമായി, സ്കൂൾ വാഹന ഡ്രൈവർമാർക്ക് വർഷം തോറും പ്രത്യേക പരിശീലന പരിപാടികളും (Training Programmes) ഓറിയന്റേഷൻ ക്ലാസ്സുകളും സംയുക്തമായി സംഘടിപ്പിച്ചുവരുന്നുണ്ട്. ഈ ക്ലാസ്സുകളിൽ ഡ്രൈവർമാർക്ക് ട്രാഫിക് നിയമങ്ങൾ, റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ, വാഹനത്തിന്റെ സാങ്കേതിക ഫിറ്റ്നസ് എന്നിവയെക്കുറിച്ച് MVD ഉദ്യോഗസ്ഥർ കൃത്യമായ നിർദേശങ്ങൾ നൽകുന്നു |
| 3 | പത്തനംതിട്ട | സ്കൂൾ കുട്ടികളുടെ യാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് വർഷാരംഭത്തിൽ തന്നെ ട്രെയിനിംഗ് നൽകി വരുന്നുണ്ട്. ആയതിലേക്കായി വിദ്യാവാഹിനി എന്ന മൊബൈൽ ആപ്ലിക്കേഷൻ സേവനം ഉപയോഗിച്ചു വരുന്നു. |
| 4 | ആലപ്പുഴ | ഇത്തരത്തിൽ ട്രെയിനിംഗ് നൽകുന്നില്ല. |
| 5 | കോട്ടയം | സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി മോട്ടോർ വാഹന വകുപ്പ് എല്ലാ സ്കൂൾ ബസ് ഡ്രൈവർമാർക്കും പരിശീലനം നൽകുന്നുണ്ട്. |
| 6 | ഇടുക്കി | മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് പരിശീലനം നൽകി വരുന്നു. |
| 7 | എറണാകുളം | സ്കൂൾ കുട്ടികളുടെ യാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർ വകുപ്പുമായി ചേർന്ന് സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്കും, ആയമാർക്കും ഈ അധ്യയന വർഷ ആരംഭത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| 8 | തൃശൂർ | സ്കൂൾ തുറക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. |
| 9 | പാലക്കാട് | ട്രെയിനിംഗ് നൽകിവരുന്നുണ്ട്. ആർ.റ്റി.ഒ-യുടെ നേതൃത്വത്തിൽ അധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് തന്നെ സ്കൂൾ |

| | | |
|---|---|---|
| | | വാഹന ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകി വരുന്നുണ്ട്. |
| 10 | മലപ്പുറം | എം.വി.ഡി. തലത്തിലാണ് ട്രെയിനിംഗ് നൽകുന്നത്. |
| 11 | കോഴിക്കോട് | വർഷാവർഷം സ്കൂൾ വാഹന ഡ്രൈവർ മാർക്ക് ഏകദിന ട്രെയിനിംഗ് പ്രോഗ്രാമുകൾ മോട്ടോർ വകുപ്പുമായി ബന്ധപ്പെട്ട് നൽകി വരാറുണ്ട് |
| 12 | വയനാട് | സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്കുള്ള ട്രെയിനിംഗ് ആർ.റ്റി.ഒ. നേരിട്ടാണ് ഡ്രൈവർമാർക്ക് നൽകി വരുന്നത്. |
| 13 | കണ്ണൂർ | ഉണ്ട്. സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി മോട്ടോർ വകുപ്പുമായി സഹകരിച്ച് ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നുണ്ട്. |
| 14 | കാസർഗോഡ് | സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ആർ.റ്റി.ഒ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് ആവശ്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകാറുണ്ട്. |